(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)
നം.കെ.എസ്.എ.ഐ.ഡി.കെ-4/1279/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ, തീയതി:03.10.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

മുൻസിപ്പൽ ചെയർമാൻ
(സെക്രട്ടറി മുഖേന)
കട്ടപ്പന മുൻസിപ്പാലിറ്റി

സർ,

വിഷയം :- കട്ടപ്പന മുൻസിപ്പാലിറ്റി – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

*************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന മുൻസിപ്പാലിറ്റിയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23 എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, ശ്രീധർ തിയേറ്ററിനു സമീപം,കൊച്ചി-31 (ഉപരിപത്രം സഹിതം)
5. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഐ.ഡി.കെ-4/1279/2017

തീയതി:03.10.2017

## ഇടുക്കി ജില്ലയിലെ കട്ടപ്പന മുൻസിപ്പാലിറ്റിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ നഗരപാലിക നിയമം - വകുപ്പ് 295(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

***************************

ഇടുക്കി ജില്ലയിലെ കട്ടപ്പന മുൻസിപ്പാലിറ്റിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 13.8.2016 മുതൽ 11.9.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എസ് മുരളീദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.9.2017 മതൽ 23.9.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ കെ കെ വിനോദ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. എം. കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം യു സണ്ണി | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ എം എസ് രാജീവ് | അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ അഭിലാഷ് എം കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി അനീറ്റാ പി സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ബിനുമോൻ കെ സി | ഓഡിറ്റർ |
| | ശ്രീ ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ. ജോണി കുളംപള്ളി | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ. പി. വി ബിജു | 1.4.2016 മുതൽ വരെ 31.3.2017 |
| മുൻസിപ്പൽ എഞ്ചിനിയർ | പി എസ് സണ്ണി | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. ലാൽ ജി മാത്യൂ | 1.4.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ബോൺസി ജോസഫ് | 1.4.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ | ശ്രീമതി.റീനാമോൾ ചാക്കോ | 1.4.16 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. റ്റി. ആർ ഇന്ദുലേഖ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ. മജോ മഹേഷ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. എം എസ് ബീന | 1.4.2016 മുതൽ 15.1.2017 വരെ |
| | ഡോ. ബിനു എസ് | 16.1.2017 മുതൽ 22.2.17 വരെ |
| | ഡോ. മണിയമ്മ എസ് ജെ | 23.2.17 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ ആൻസി തോമസ് | 1.4.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം


| ഭാഗം 1 | | |
|---|---|---|
| ക്രമ നം. | തലക്കെട്ട് | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| ഭാഗം 2 | | |
| 13 | കളക്ഷൻ തുക നഗരസഭയിൽ ഒടുക്കിയിട്ടില്ലാത്തത് സംബന്ധിച്ച്. | 2-1 |
| 14 | തനത് ഫണ്ട് - ബാങ്ക് പലിശ ലഭിക്കുന്നില്ല | 2-2 |
| 15 | ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ്- വാടക രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിച്ചിരിക്കുന്നു. ഈടാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ്, വാടക മുതലായവയുടെ പൂർണ്ണവിവരം ലഭ്യമല്ല. | 2-3 |
| 16 | പെർമിറ്റിന് വിരുദ്ധമായി കെട്ടിട നിർമ്മാണം | 2-4 |
| 17 | വസ്തു നികുതി-അപാകതകൾ | 2-5 |
| 18 | നിയമാവലികൾ പാസ്സാക്കിയിട്ടില്ല- കാര്യക്ഷമമായ നികുതി പിരിവ് തടസ്സപ്പെടുന്നു. | 2-6 |
| 19 | മുനിസിപ്പാലിറ്റി വക സ്ഥലത്ത് അനധികൃത പാർക്കിംഗ്-നടപടികൾ സ്വീകരിക്കുന്നില്ല | 2-7 |
| 20 | ആധുനിക അറവുശാല- പദ്ധതി പൂർണ്ണമായ ലക്ഷ്യം കൈവരിച്ചില്ല | 2-8 |
| ഭാഗം 3 | | |
| 21 | മുനിസിപ്പൽ ഓഫീസ് കെട്ടിട നിർമാണം അഭിനന്ദനാർഹമായ നേട്ടം. | 3-1 |
| 22 | ഡെപ്പോസിറ്റ് റീഫണ്ട്- അപാകതകൾ | 3-2 |
| 23 | മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ അലംഭാവം. | 3-3 |
| 24 | സമഗ്ര കുരുമുളക് വികസന പദ്ധതി-വികസന ഫണ്ട് അധികം പിൻവലിച്ചു-ചെലവ് രേഖകൾ ലഭ്യമല്ല- ₹17,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 |
| 25 | ഫ്രീസർ മോർച്ചറി- സ്ഥാപിക്കൽ - അനുബന്ധരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല- ₹1516720/- യുടെ ചെലവ് തടസ്സം | 3-5 |
| 26 | എക്സ് -റേ യൂണിറ്റ്-സ്ഥാപിക്കൽ-അപാകതകൾ | 3-6 |
| 27 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല,₹147700/-യുടെ ചെലവ് തടസ്സം | 3-7 |
| ഭാഗം 4 | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-3 |
| 31 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 9.3.2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 4-7-2016 ലെ 42-ാം നമ്പർ പ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ– 18700648) 500173648/-ഉം ചെലവ് 472362611/-ഉം നീക്കിയിരിപ്പ് 27811037/-ഉം ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 21.8.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം - *1* ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9617162 |
| വരവ് | 123509489 |
| ആകെ | 133126651 |
| ചെലവ് | 124521485 |
| നീക്കിയിരിപ്പ് | 8605166 |

## 1-5 ഫണ്ട് വിനിയോഗം(എസി.ആർ പ്രകാരം)

(എ)

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേയ്ക്ക് തിരികെപ്പോയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 21688478 | 21688478 | 20972121 | 96.70 | 716357 |
| വികസനഫണ്ട് എസ്.സി.പി. | 5104968 | 5104968 | 3917224 | 76.73 | 1187744 |
| വികസനഫണ്ട് ടി.എസ്.പി. | 1082469 | 1082469 | 908328 | 83.91 | 174141 |
| സംരക്ഷണഗ്രാന്റ് റോഡ് | 12299160 | 12299160 | 3854523 | 31.34 | 8444637 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5740491 | 5740491 | 3519603 | 61.31 | 2220888 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11056867 | 11056867 | 9719270 | 87.90 | 1337597 |
| ലോക ബാങ്ക് (State) | 1211692 | 1211692 | 1211692 | 100 | 0 |
| ലോക ബാങ്ക് (Central) | 3467850 | 3467850 | 3467850 | 100 | 0 |
| ബി ഫണ്ട് | വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | | | | |

(ബി)

| നിർവ്വഹണം | ആകെ പദ്ധതികൾ | പൂർണ്ണമായും നടപ്പാക്കിയവ | നടപ്പാക്കാത്തവ | ആകെ അടങ്കൽ | ചെലവഴിച്ച തുക | പൂർത്തിയാക്കിയ പദ്ധതികളുടെ ചെലവ് % |
|---|---|---|---|---|---|---|
| സെക്രട്ടറി | 25 | 21 | 4 | 15111744 | 10656410 | 70.52 |
| മുൻസിപ്പൽ എഞ്ചിനിയർ | 264 | 176 | 88 | 84635375 | 31877962 | 37.66 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 0 | 920000 | 920000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 0 | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ അലോപ്പതി | 3 | 3 | 0 | 4155000 | 3633076 | 87.44 |
| വെറ്ററിനറി സർജൻ | 2 | 2 | 0 | 1891465 | 1496930 | 79.14 |
| വി ഇ ഓ/പ്രൊജക്ട് ഓഫീസർ ദാരിദ്ര്യ നിർമ്മാർജന ലഘൂകരണ വിഭാഗം | 11 | 9 | 2 | 32778596 | 7587915 | 23.15 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 4 | 2 | 7723494 | 5215100 | 67.52 |
| കൃഷി ഓഫീസർ | 4 | 3 | 1 | 3683905 | 2459620 | 66.77 |
| ആകെ | 319 | 222 | 97 | 151149579 | 64097013 | 42.41 |

## **1-6** പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 319 | 151149579 | 222 | 64097013 | - | 97 | 69.59 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം(ലഭ്യമാക്കിയ വാർഷിക ധനകാര്യപത്രികയനുസരിച്ച്)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 16776578 | 21427665 | 4651087 | 27.72 |
| നികുതിയേതര വരവുകൾ | 17628972 | 20007826 | 2378854 | 13.49 |
| മറ്റു വരവുകൾ | 3058335 | 143983 | (-)2914352 | (-)95.30 |
| ആകെ | 37463885 | 41579474 | 4115589 | 10.98 |

തനത് വരുമാനത്തിൽ സ്ഥാപനത്തിന് 10.98 % ന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ(സേവന പെൻഷൻ സോഫ്റ്റ് വെയർ പ്രകാരം)

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91200 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 1299970 | 170 |
| വിധവാപെൻഷൻ | 9827860 | 1142 |
| വാർദ്ധക്യകാലപെൻഷൻ | 26918885 | 2849 |
| വികലാംഗപെൻഷൻ | 2756915 | 328 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 107000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2017ന് 2.50.പി.എം.ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ. 46,512/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ സൂക്ഷിക്കുന്നതിൽ ഗുരുതര വീഴ്ചയുണ്ടായിട്ടുണ്ട്. ലോൺ രജിസ്റ്റർ, മിനിട്ട്സ് ബുക്ക് എന്നിവയിൽ യഥാസമയം രേഖപ്പെടുത്തലുകൾ നടത്തുകയോ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സഞ്ചയ ഇന്റഗ്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ബേസ് ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടില്ല.

ജീവനക്കാരുടെ കുറവ് – ഓഫീസ് പ്രവർത്തനം സുഗമമായി നടക്കുന്നില്ല.

5.8.2016 ലെ ജി.ഒ(എം.എസ്) 109/2016/ത.സ്വ.ഭ.വ പ്രകാരം നഗരസഭയ്ക്ക് അനുവദിച്ച തസ്തികകളുടെയും നിലവിലുള്ള ജീവനക്കാരുടെയും വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | അനുവദിച്ചത് | 18.9.2017 ൽ ഉള്ള ജീവനക്കാരുടെ വിശദാംശംങ്ങൾ | ഒഴിവുള്ള തസ്തിക |
|---|---|---|---|
| മുൻസിപ്പൽ സെക്രട്ടറി | 1 | 0 | 1 |
| സൂപ്രണ്ട് | 1 | 1 | 0 |
| ഹെഡ് ക്ലർക്ക്/റെവന്യൂ ഇൻസ്പെക്ടർ | 1 | 1 | 0 |
| സീനിയർ ക്ലർക്ക് | 5 | 5 | 0 |
| ക്ലർക്ക്/ബിൽ കളക്ടർ | 5 | 0 | 5 |
| ഡി.റ്റി.പി ഓപ്പറേറ്റർ | 1 | 0 | 1 |
| ഓഫീസ് അറ്റൻഡന്റ് | 4 | 2 | 2 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | 0 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 1 | 1 | 0 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 2 | 0 | 2 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | 1 | 1 | 0 |
| കണ്ടിജന്റ് വർക്കേർ | 15 | 0 | 15 |
| സാനിട്ടേഷൻ വർക്കർ | 8 | 0 | 8 |
| എൽ എം വി ഡ്രൈവർ | 1 | 1 | 0 |
| ആകെ | 47 | 13 | 34 |

ജീവനക്കാരുടെ അഭാവമുള്ളതിനാൽ വരവിനങ്ങളുടെ പിരിവ് വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പ് നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾ എന്നിവ സുഗമമായി നടത്തുന്നതിന് സാധിക്കുന്നില്ല. ജീവനക്കാരുടെ

അഭാവം പരിഹരിക്കുന്നതിനായി എൻട്രി കേഡറായ എൽ.ഡി.ക്ലർക്ക്, ഓഫീസ് അറ്റൻഡൻറ്റ്, പാർട്ട് ടൈം സ്വീപ്പർ എന്നിവയിൽ നിലവിലുള്ള ഒഴിവുകൾ, പി.എസ്.സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേന നികത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മറ്റ് തസ്തികകളിലുള്ള ഒഴിവുകൾ നികത്തുന്നതിന് ഡയറക്ടർ നഗരകാര്യ വകുപ്പിനോട് അഭ്യർത്ഥിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

നഗരസഭയായതിനു ശേഷം പെർഫോമൻസ് ഓഡിറ്റ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് എന്നിവ നടത്തിയിട്ടില്ല.

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

നഗരസഭയുടെ 2016-17ലെ വാര്ഷിക കണക്കുകളിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ക്ഷേമ പെൻഷനുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

   സേവന സോഫ്റ്റ് വെയർ പ്രകാരം വിതരണം ചെയ്ത പെൻഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1299970 |
| വിധവാപെൻഷൻ | 9827860 |
| വാർദ്ധക്യകാലപെൻഷൻ | 26918885 |
| വികലാംഗപെൻഷൻ | 2756915 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 107000 |

2. RP-8 ഷെഡ്യൂൾ പ്രകാരം പലിശയിനത്തിൽ 143983/- രൂപ പലിശയിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . എന്നാൽ ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ പലിശയിനത്തിൽ വരവില്ല. RP-8 പ്രകാരം പലിശയിനത്തിൽ ഉൾപ്പെടുത്തിയത് ഏത് തുകയാണെന്ന വിശദാംശംങ്ങൾ സഹിതം അറിയിക്കേണ്ടതാണ്.

3. ബാങ്ക് റിക്കൺസിലിയേഷൻ നടത്തിയിട്ടില്ലാത്തതിനാൽ B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകളുടെ കൃത്യത വ്യക്തമല്ല.

4. ബാലൻസ് ഷീറ്റ് B-15 & B-17 & B-5 ഷെഡ്യൂളുകളിൽ താഴെ വ്യക്തമാക്കും പ്രകാരം നെഗറ്റീവ് ബാലൻസ് വന്നതിന് വിശദീകരണം നൽകേണ്ടതാണ്

| ഷെഡ്യൂൾ | ഇനം | വാർഷിക കണക്കുകൾ പ്രകാരമുള്ള തുക | റിമാർക്സ് |
|---|---|---|---|
| B-17` | SBT Online Remittance | (-)785661 | Bank Account |
| B-17 | ICICI Bank – | (-)1192364 | Bank Account |

| | | | |
|---|---|---|---|
| | Swachtbharat | | |
| B-15 | Institutional Professional Tax (Arrear) | (-)328330 | Receivables |
| B-15 | Receivable against lease and Rentals | (-)1156798 | Receivables |
| B-15 | Advertisement Tax (Current) | (-)30000 | Receivables (As per auction register -100000/-) |
| B-15 | D & O (Current) | (-)224596 | Receivables |
| B-15 | D & O (arrear) | (-)64400 | Receivables |
| B-15 | Rent Office Building (current) | (-)1217573 | Receivables |
| B-5 | Loan from Banks | (-)492800 | Secured loans |
| B-15 | Loan from financial institution | (-)2670000 | Secured Loan |
| B-15 | Profession Tax Institution (431800200) | (-)5000 | Receivables |

5. ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

| ലോൺ ഇനം | ലോൺ രജിസ്റ്റർ പ്രകാരം തിരച്ചടക്കുവാൻ അവശേഷിക്കുന്ന തുക | വാർഷിക കണക്കുകൾ പ്രകാരം തിരിച്ചടക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|
| ജവഹർ ഭവനപദ്ധതി | രജിസ്റ്ററിൽ വിശദാംശംങ്ങളില്ല | ഉൾപ്പെടുത്തിയിട്ടില്ല |
| ഇ എം എസ് ഭവന പദ്ധതി | ₹2159851 (15.4.2016) | ഉൾപ്പെടുത്തിയിട്ടില്ല |
| കെ യു ആർ ഡി എഫ് സി | ₹35519470 (30.6.2016 ന് ശേഷമുള്ള രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്) | ₹31463989 |

Loan from Banks [(-)492800], Loan from Financial Institutions[(-)2670000] എന്നിവയിൽ negative തുകകൾ കാണുന്നു. കൂടാതെ B-5 ഷെഡ്യൂളിൽ Loan from other Institutions എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന 16360000/ രൂപയുടെ വിശദാംശംങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

6. B-9 ഷെഡ്യൂളിൽ താഴെപറയുന്ന തുകകൾ മൈനസ് ബാലൻസ് ഉള്ളതായാണ് കാണിച്ചിരിക്കുന്നത്.

| Particulars | Amount |
|---|---|
| Provident Fund payable | (-)36609 |
| Contribution to Central Pension fund payable | (-)4966789 |
| Recoveries payable – Insurance Premium | (-)523 |
| Recoveries payable – Income tax deducted at source – salaries | (-)19480 |
| Group Savings Life Insurance (GSLI) | (-)1398 |
| Group Insurance / Arrear of GSI | (-)3650 |
| Accident Compensatory Recovery | (-)8400 |
| Recoveries Payable – Co-operative Recovery | (-)11000 |
| Stamp Recovery | (-)4000 |
| Recoveries Payable Other recoveries from Employees | (-)284695 |

ഓഡിറ്റ് റിക്കവറി(350200125) ഇനത്തിൽ 18500/-രൂപ ബാദ്ധ്യതയായി കാണിച്ചിരിക്കുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

7. I-4(b) ഷെഡ്യൂളിൽ (Fee and User Charges – Income Head Wise) Electricity charges ഹെഡിൽ 71706/-രൂപ മൈനസ് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

8. വിവിധ ഫണ്ടിനങ്ങൾ വരവിലെടുത്തതിൽ താഴെ വിശദമാക്കും പ്രകാരം പൊരുത്തപ്പെടുന്നില്ല

| ഫണ്ടിനം | എ സി ആർ പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| ഡെവലപ്പ്മെന്റ്ഫണ്ട് ജനറൽ (RP-5) | 21688478 | 20972121 |
| ഡെവലപ്പ്മെന്റ് ഫണ്ട് എസ്.സി,പി (RP-24) | 5104968 | 3917224 |
| ഡെവലപ്പ്മെന്റ് ഫണ്ട് – ടി എസ് സി പി (RP-24) | 1082469 | 908328 |

| | | |
|---|---|---|
| ഡെവലപ്പ്മെന്റ് ഫണ്ട് – ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (RP-24) | 11056867 | 9719270 |
| ഡെവലപ്പ്മെന്റ് ഫണ്ട് – കെ എൽ എസ് ജി ഡി പി (RP-24) | 4679542 (State + Central) | 4679542 |
| മെയിന്റനൻസ് ഫണ്ട് –റോഡ് അസ്സറ്റ് (RP-24) | 12299160 | 3854523 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് അസ്സറ്റ് (RP-24) | 5740491 | 3519603 |

9. അഡ്വാൻസ് രജിസ്റ്റർ, ഇ എം ഡി രജിസ്റ്റർ ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല. (As per advance register nil balance)
10. ബി-7 ഷെഡ്യൂൾ പ്രകാരം Rent Deposit ഹെഡിൽ 980000/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭ ഓഫീസ് കെട്ടിടത്തോട് ചേർന്നുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡെപ്പോസിറ്റായി ₹17600000/- നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. വാടകയിനത്തിൽ ലഭിച്ച ഡെപ്പോസിറ്റ് പൂർണ്ണമായും വാർഷിക കണക്കിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല
11. വസ്തു നികുതി – അടിസ്ഥാന സോഫ്റ്റ് വെയറായ സഞ്ചയ, അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറായ സാംഖ്യ എന്നിവ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
12. വാടക, ലേലം, കംഫർട്ട് സ്റ്റേഷൻ ലേലം, ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി, അറവുശാല വരവ് എന്നിവയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
13. RP-6 ഷെഡ്യൂൾ അനുസരിച്ച് Beneficiary Contribution ഇനത്തിലുള്ള വരവ് 83820/- രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ ഈയിനത്തിലുള്ള വരവ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൃഷി ഓഫീസർ | 553366 |
| വെറ്റിനറി സർജൻ | 208320 |
| ആകെ | 761686 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കളക്ഷൻ തുക നഗരസഭയിൽ ഒടുക്കിയിട്ടില്ലാത്തത് സംബന്ധിച്ച്.

രസീതു ബുക്കുകൾ പരിശോധിച്ചതിൽ താഴെ വ്യക്തമാക്കുന്ന ഗുരുതരമായ അപാകതകൾ കാണുന്നു.

(എ). ശ്രീ. പി അഹമ്മദ് കബീർ എൽ ഡി സി-ക്ക് നൽകിയ രസീത് ബുക്ക് നം 67 പരിശോധിച്ചതിൽ താഴെ പറയുന്ന തുകകൾ നഗരസഭയിൽ ഒടുക്കിയിട്ടില്ലാത്തതായി കാണുന്നു. ഇത് സംബന്ധിച്ച അന്വേഷണകുറിപ്പിന് (നം. 9)മറുപടി ലഭ്യമാക്കിയില്ല.

| രസീത് നം/തീയതി | രസീത് ബുക്ക് പ്രകാരമുള്ള തുക | ഒടുക്കിയ തുക | കുറവ് |
|---|---|---|---|
| 6613/24.11.2017 | 1023 | 341 | 682 |
| 6651/1.12.2017 | 1021 | ഒടുക്കിയിട്ടില്ല | 1021 |
| 6652/1.12.2017 | 58 | ഒടുക്കിയിട്ടില്ല | 58 |
| 6653/1.12.2017 | 328 | ഒടുക്കിയിട്ടില്ല | 328 |
| 6658/1.12.2017 | 796 | 398 | 398 |
| 6660/1.12.2017 | 588 | 294 | 294 |
| ആകെ | | | 2781 |

(ബി). ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി താഴെപറയുന്ന രസീതുകൾ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി രസീതുകൾ ഉപയോഗിച്ച് പിരിച്ച ഗുണഭോക്തൃ വിഹിതം പൂർണ്ണമായും നഗരസഭയിൽ ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.11) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| രസീത് ബുക്ക് നം (1/17 മുതൽ 3/17 വരെ വിതരണം ചെയ്തവ) | രസീതുകളുടെ നമ്പർ | പിരിച്ച തുക |
|---|---|---|
| 93 | 73 മുതൽ 100 വരെ | 9240 |
| 94 | 01മുതൽ100 വരെ | 33000 |
| 96 | 01മുതൽ 100 വരെ | 33000 |
| 115 | 01മുതൽ 100 വരെ | 33000 |
| ആകെ | | 108240 |
| നഗരസഭയിൽ ഒടുക്കിയ തുക | | |
| 109663/20.1.2017 | | 59400 |
| 109936/30.1.2017 | | 14850 |

| | |
|---|---|
| 113528/22.3.2017 | 2970 |
| 101377/30.3.2017 | 5896 |
| ആകെ | 83116 |
| ഒടുക്കുവാൻ അവശേഷിക്കുന്ന തുക (108240-83116) | 25124 |

ശ്രീ. അഹമ്മദ് കബീർ, നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ എന്നിവർ രസീതുകൾ എഴുതി പണം കൈപ്പറ്റിയെങ്കിലും നഗരസഭയിൽ നാളിതുവരെ ഒടുക്കുവരുത്താത്തത് പണാപഹരണമായി ഓഡിറ്റ് വിലയിരുത്തുന്നു. കളക്ഷൻ തുക അടിയന്തിരമായി നഗരസഭയിൽ ഒടുക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

<u>നിർദ്ദേശങ്ങൾ</u>

1. ഓഫീസ് ജീവനക്കാർ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർക്ക് നൽകുന്ന രസീത് ബുക്കുകൾ ഉപയോഗിച്ച് നടത്തുന്ന പിരിവുകൾ കൃത്യമായി ഓഫീസിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ക്ഷമതയുള്ള ജീവനക്കാരനെ ക്യാഷ്യറായി നിയമിച്ച് പണമടവിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

2. കൃഷി ഓഫീസർക്ക് നാല് രസീത് ബുക്കുകൾ ഒന്നിച്ച് നൽകിയിരിക്കുന്നു. ഒന്നിലേറെ രസീത് ബുക്കുകൾ ജീവനക്കാർക്കോ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്കോ നൽകുന്നത് ഒഴിവാക്കുക.

3. പുതിയ രസീതു ബുക്കുകൾ നൽകുമ്പോൾ മുമ്പ് നൽകിയ രസീത് ബുക്ക് പ്രകാരമുള്ള കളക്ഷൻ തുക പൂർണ്ണമായും നഗരസഭയിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

4. രസീതുകൾ സെക്രട്ടറിയോ മറ്റ് അധികാരപ്പെട്ട ഉദ്യോഗസ്ഥരോ മാത്രം കാരണം രേഖപ്പെടുത്തി റദ്ദാക്കേണ്ടതാണ്.

5. രസീതുകൾ ഉപയോഗിക്കുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥരും അപ്രകാരം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-2 <u>തനത് ഫണ്ട് - ബാങ്ക് പലിശ ലഭിക്കുന്നില്ല</u>

കട്ടപ്പന നഗരസഭയുടെ തനത് വരുമാനം നിക്ഷേപിക്കുന്നത് ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ കട്ടപ്പന ശാഖയിലുള്ള അക്കൗണ്ടിലാണ്. സാമ്പത്തിക വർഷം മുഴുവൻ 6000000/-രൂപ മുതൽ 10000000/-രൂപ മിനിമം ബാലൻസ് ഉള്ള അക്കൗണ്ടിന് റിസർവ്വ് ബാങ്ക് നിർദ്ദേശപ്രകാരമുള്ള മിനിമം പലിശപോലും ലഭ്യമായിട്ടില്ല. പലിശ ലഭ്യമാക്കി തനത് വരുമാനത്തിൽ മുതൽക്കൂട്ടേണ്ടതാണ്.

## 2-3 <u>ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ്- വാടക രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിച്ചിരിക്കുന്നു. ഈടാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ്, വാടക മുതലായവയുടെ പൂർണ്ണവിവരം ലഭ്യമല്ല.</u>

നഗരസഭയുടെ പുതിയ ഓഫീസ് സമുച്ചയത്തോട് അനുബന്ധിച്ചുള്ള 18 കടമുറികൾ ലേലം ചെയ്തു കൊടുത്തതിന്റെ ലേല ഡയറി, വാടകരജിസ്റ്റർ, കരാറുകൾ എന്നിവ പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| മുറി നം | നിശ്ചയിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ്₹ | രജിസ്റ്റർ പ്രകാരം വാടകക്കാരൻ | ലേലംകൊണ്ട വാടക | വാടക ഈടാക്കി തുടങ്ങിയ മാസം/വാടക | വാടകയ്ക്ക് നല്കിയ കമ്മിറ്റി തീരുമാനം-തീയതി |
|---|---|---|---|---|---|
| 1 | 1000000 | റജിമോൻ ഇമ്മാനുവേൽ | 5100 | ലഭ്യമല്ല | ലഭ്യമല്ല |
| 2 | 1000000 | - | - | ലഭ്യമല്ല | ലഭ്യമല്ല |
| 3 | 1000000 | ബിന്ദു സജി | 5100 | 12/16(കരാർ തീയതി- 9-06-2016) | ലഭ്യമല്ല |
| 4 | 1000000 | സിബി ദേവസ്യ | 5355 | - കരാർ തീയതി- 1-04-2015 | 54/5-1-16 |
| 5 | 1000000 | രാജൻ അർജ്ജുനൻ | 5100 | - കരാർ തീയതി- 1-04-2016 | ലഭ്യമല്ല |
| 6 | 1000000 | ജോമി ജോസഫ് | 5100 | ലഭ്യമല്ല | ലഭ്യമല്ല |
| 7 | 1000000 | ജോഷി വർഗ്ഗീസ് | 5100 | 12/16 | ലഭ്യമല്ല |
| 8 | 1000000 | ജയ്മോൻ സ്കറിയ | 5100 | 12/16 | ലഭ്യമല്ല |
| 9 | 1000000 | റിച്ചാർഡ് വർഗ്ഗീസ് | 5100 | ലഭ്യമല്ല | ലഭ്യമല്ല |
| 10 | 1000000 | ഹേമലത | 5100 | ലഭ്യമല്ല | 51/22-2-16 |
| 11 | 1000000 | ശ്രീദേവി | 5100 | ലഭ്യമല്ല | 51/22-2-16 |
| 12 | 1000000 | ബോബി ജെ മാത്യു | 5100 | 4/16 (12/16ലെ വാടക ഒടുക്കിയില്ല.) | ലഭ്യമല്ല |
| 13,14 | 1000000 വീതം | അനിമോൾ ബിനു | 5100 | 1/17( കരാർ തീയതി- 9-06-2016) | ലഭ്യമല്ല |
| 15 | 1000000 | ബാബു | 5100 | 12/16 | ലഭ്യമല്ല |
| 16,17 | 800000 വീതം | ജോഷി വർഗ്ഗീസ് | 5100 | ലഭ്യമല്ല | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| 18 | 800000 | ജയ്മോൻ സ്കറിയ | | 12/16 | ലഭ്യമല്ല |

ഇവർ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കിയ വിവരം ലഭ്യമല്ല, എന്നാൽ ക്രമ നം.10 ശ്രീമതി ഹേമലതയ്ക്ക് ₹1000000/- വൗച്ചർ നം.21601200/15-032017-ചെക്ക് നം.733428/15-03-2017 പ്രകാരം തിരികെ നല്കിയതായി കാണുന്നു. സെക്യൂരിറ്റ് ഡെപ്പോസിറ്റുകൾ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. എല്ലാ മുറികളും വാടകക്കാർ ഏറ്റെടുത്തതാണോ എന്ന വിവരം, ഏറ്റെടുത്തെങ്കിൽ ഏറ്റെടുത്ത തീയതി. വാടക ബാധകമായ തീയതി, കരാർ തീയതിയ്ക്കു ശേഷം വാടക ഒഴിവാക്കപ്പെട്ട മുറികളുടെ കാര്യത്തിൽ പ്രസ്തുത നടപടിയെ സാധൂകരിയ്ക്കുന്ന കമ്മിറ്റി തീരുമാനം എന്നിവ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-4 പെർമിറ്റിന് വിരുദ്ധമായി കെട്ടിട നിർമ്മാണം

നഗരസഭയുടെ 11-ാം വാർഡിൽ ശ്രീമതി. ലൂസി ലൂക്കാ, കറുകച്ചേരിൽ എന്നയാളുടെ കൈവശാവകാശത്തിലുള്ള സ്ഥലത്ത് വാണിജ്യം/പാർപ്പിടാവശ്യത്തിനായി മൂന്ന് നിലകൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുകയും കെട്ടിട നിർമ്മാണം നടത്തുകയും ചെയ്തു. പ്രസ്തുത വിവരം ഓവർസിയർ രേഖാമൂലം ഓഡിറ്റ് വേളയിൽ നടത്തിയ പരിശോധനയിൽ അംഗീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 22.01.2016ൽ ഗ്രൗണ്ട് ഫ്ലോറിന് 683A-G നമ്പരുകൾ നൽകി അസസ്മെന്റ് നടത്തി നികുതി സ്വീകരിച്ചതായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ ടി നിലകളുടെ പെർമിറ്റ് ഫയൽ, അസസ്മെന്റ് ഫയൽ എന്നിവ നമ്പർ 8 ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായില്ല. ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിട്ടുള്ള സ്ഥല പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ബോധ്യപ്പെട്ടു.

1. ഗാർഹിക/വാണിജ്യാവശ്യത്തിനായിട്ടാണ് പെർമിറ്റ് എടുത്തതെങ്കിലും നിലവിൽ ഇവിടെ പ്രവർത്തിക്കുന്നത് കട്ടപ്പന സഹകരണ ആശുപത്രിയാണ്.
2. രണ്ട് നിലകൾ (GF+FF) മാത്രമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. നിലവിൽ 4 നിലകൾ പണി പൂർത്തിയായിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ അളവിലുള്ള സെറ്റ്-ബാക്ക് ഇല്ലാതെയാണ് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.
3. ആശുപത്രി ആരംഭിക്കുന്നതിന് ലൈസൻസ്(നം.32/20.08.2017) നൽകിയപ്പോൾ ഇതിനാവശ്യമായ താഴെ പറയുന്ന ഭൗതിക സാഹചര്യങ്ങൾ കെട്ടിടത്തിലും സ്ഥലത്തും ഉറപ്പാക്കിയിട്ടില്ല.

എ) 1999ലെ കേരള മുനിസിപ്പാലിറ്റി നിർമ്മാണ ചട്ടങ്ങൾ ചട്ടം 31 പ്രകാരം ആശുപത്രികൾക്ക് അനുവദനീയമായ ഏറ്റവും കൂടിയ വ്യാപ്തി പ്ലോട്ട് ഏരിയായുടെ 40 ശതമാനവും തറ വിസ്തീർണ്ണാനുപാതം 2 ഉം ഒരു ചതുരശ്രമീറ്ററിന് ₹3,000/- എന്ന തോതിൽ അധിക ഫീസോടുകൂടി 3ഉം ആണ്. പ്രസ്തുത നിയന്ത്രണങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

ബി) ചട്ടം 34 പട്ടിക 5-2 ൽ അനുശാസിക്കുന്ന പാർക്കിംഗ് സൗകര്യങ്ങൾ ഉറപ്പ് വരുത്തിയിട്ടില്ല.

സി) ചട്ടം 55 4(എ) പ്രകാരമുള്ള ഫയർഫോഴ്സ് നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടില്ല.

ഡി) ചട്ടം 54(6) പട്ടിക 9എ പ്രകാരമുള്ള ശുചീകരണ സൗകര്യങ്ങൾ, ചട്ടം 109ബി പ്രകാരമുള്ള മഴവെള്ള സംഭരണ സംവിധാനം, ചട്ടം 109സി പ്രകാരമുള്ള പ്രകാശ സംവിധാനങ്ങൾ, ചട്ടം 42 പ്രകാരമുള്ള അഗ്നിരക്ഷാ കോണിപ്പടി, ചട്ടം 43 പ്രകാരമുള്ള അടിയന്തിരഘട്ട പുറംവാതിലിലേയ്ക്കുള്ള യാത്രാദൂരം, 40എ പ്രകാരം വൈകല്യമുള്ള വ്യക്തികൾക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ, റാമ്പുകൾ, ചട്ടം 48 അനുസരിച്ചുള്ള ലിഫ്റ്റ് എന്നിവയൊന്നും പരിശോധിച്ച് ഉറപ്പാക്കാതെയാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

നഗരസഭയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുള്ള ആശുപത്രി അനിവാര്യമാണെങ്കിലും സർക്കാർ ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് ഭാവിയിൽ അപകടസാധ്യതയ്ക്ക് കാരണമാവുന്നതാണ്.

കെട്ടിട നിർമ്മാണം സംബന്ധിച്ച ഫയൽ ലഭ്യമാകാത്തതുകൊണ്ടും നിരവധി ചട്ടലംഘനങ്ങൾ ഉള്ളതുകൊണ്ടും വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 2-5 വസ്തു നികുതി-അപാകതകൾ

1) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നില്ല.

തദ്ദേശ സ്വയഭരണ വകുപ്പിന്റെ 05/12/2015-ലെ 3655/2015 നമ്പർ ഉത്തരവ് പ്രകാരം 01/11/2015 പ്രാബല്യത്തിൽ നഗരസഭയായി ഉയർത്തപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിൽ 01/11/2015 ന് ശേഷം നിർമ്മാണം പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും ഈടാക്കിയതുമായ കെട്ടിടങ്ങളുടെ വസ്തു നികുതി 2011-ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കേണ്ടതാണ്. ഇതനുസരിച്ച് കട്ടപ്പന നഗരസഭ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് 17/10/2016-ൽ കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും തുടർന്ന് 02/12/2016-ലെ 13-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ വസ്തുനികുതി അംഗീകരിച്ച് വിജ്ഞാപനം ഇറക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 01/11/2015-നും 02/12/2016-നും ഇടയിൽ പഴയ നിരക്കിൽ നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങൾക്കും പുതിയനിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ലാത്തതിനാൽ നഗരസഭയ്ക്ക് വസ്തു നികുതിയിനത്തിൽ വൻനഷ്ടം ഉണ്ടായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ നല്കുന്നു.

| ക്രമനം | വാർഡ്/വീട്ടനം/ ഉടമസ്ഥൻ | കെട്ടിടത്തിന്റെ വിസ്തീർണ്ണം/തരം | ഈടാക്കിയ അടിസ്ഥാന വസ്തുനികുതി | ഈടാക്കേണ്ട വസ്തുനികുതി |
|---|---|---|---|---|
| 1 | 8/504എ1-എ3/ജോസ് ജോർജ് | 267.1എം2/വാണിജ്യാവിശ്യം | 55/എം2 | 70/എം2 |
| 2 | 8/402സി/ഷിജോ | 247.1എം2/പാർപ്പിടം | 7/എം2 | 10എം2 |
| 3 | 8/303സി,ഡി/ ജോൺസൺ | 102.6എം2/വാണിജ്യാവിശ്യം | 55/എം2 | 70/എം2 |

ഇപ്രകാരം 22വാർഡുകളിലെയും 01/11/2015-നും 02/12/2016-നും ഇടയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2) മൊബൈൽ ടവർ വസ്തു നികുതി കുടിശ്ശിക- 1431157/-രൂപ

നഗരസഭയിൽ 15 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 2013-14 മുതലുള്ള കുടിശ്ശികയിനത്തിൽ 1431157/-രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് | ഉടമസ്ഥത | കുടിശ്ശിക |
|---|---|---|
| 5/521 | വോഡാഫോൺ ലിമിറ്റഡ് | 152223 |
| 1/258 | റിലയൻസ് ലിമിറ്റഡ് | 41989 |
| 5/525 | ടാറ്റാ ടെലിസർവ്വീസ് | 155209 |
| 9/154 | ഇൻഡസ് ടവേഴ്സ് | 17902 |
| 9/617 | ഐഡിയ ലിമിറ്റഡ് | 251792 |
| 9/618 | റിലയൻസ് ലിമിറ്റഡ് | 269640 |
| 11/1402 | റിലയൻസ് ലിമിറ്റഡ് | 32256 |
| 14/87 | എം/എസ് ഡബ്ള്യൂ പാലാരിവട്ടം | 84954 |
| 17/6 | ഐഡിയ ലിമിറ്റഡ് | 119645 |
| 17/148 | എം/എസ് ഡബ്ള്യൂ പാലാരിവട്ടം | 133664 |
| 22/217 | വോഡാഫോൺ ലിമിറ്റഡ് | 19718 |
| 17/147 | ഭാരതി എയർടെൽ | 81436 |
| 9/616 | വോഡാഫോൺ ലിമിറ്റഡ് | 264941 |
| | ആകെ | 1431157 |

വസ്തു നികുതി കുടിശിക ഈടാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) നികുതികൾ ഡിമാന്റ് ചെയ്യാത്തതുമൂലം കോടികൾ നഷ്ടം

നഗരസഭയുടെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനം പ്രകാരം, വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 12/രൂപ നിരക്കിലും ആശുപത്രികൾക്ക് 15/രൂപ നിരക്കിലും ആഡിറ്റോറിയങ്ങൾക്ക് 50/രൂപ നിരക്കിലും ച.മീറ്ററിന് വസ്തു നികുതി ഈടാക്കേണ്ടതാണ്. ഇപ്രകാരം ലക്ഷങ്ങൾ വസ്തു നികുതി നൽകേണ്ട പല കെട്ടിടങ്ങൾക്കും വസ്തു നികുതി ചുമത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ നൽകുന്നു.

1-സെന്റ്. ജോൺസ് ആശുപത്രി, കട്ടപ്പന

2-സെന്റ്.ജറോംസ് ഓഡിറ്റോറിയം, വെള്ളയാംകുടി

3-സെന്റ്. സെബാസ്റ്റ്യൻസ് കോളജ്, കട്ടപ്പന

4-സരസ്വതി വിദ്യാപീഠം, വെള്ളയാംകുടി

5-ദീപ്തി കോളജ്, കട്ടപ്പന

6-ആയുഷാലയ ആയുർവേദ ചികിത്സാലയം, വാഴവര

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ ആവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളിൽ നിന്നും ബാധകമായ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 2842.46 ച.മീ. വിസ്തീർണ്ണമുള്ള കട്ടപ്പന സെന്റ് ജോർജ് ഓഡിറ്റോറിയത്തിന് 82077/-രൂപ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും നിലവിൽ 287270/-രൂപ കുടിശ്ശികയാണ്. കുടിശ്ശിക തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) <u>വസ്തു നികുതിയിനത്തിൽ വൻകുടിശ്ശിക-കുടിശ്ശിക ഈടാക്കാതെ ജമമാറ്റം അനുവദിച്ചു</u>

വസ്തു നികുതിയിനത്തിൽ വൻകുടിശ്ശികയുള്ള വ്യാപാര സ്ഥാപനത്തിൽ നിന്നും കുടിശ്ശിക ഈടാക്കുവാൻ ശ്രമിക്കാതെ ജമമാറ്റം ചെയ്ത് നൽകി. വിശദാംശം ചുവടെ നൽകുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥൻ | കുടിശ്ശിക |
|---|---|---|
| 5/46എ1 | രമേഷ് ജോസഫ് | 71088 |
| 5/46 ബി | രമേഷ് ജോസഫ് | 47392 |
| 5/46 സി | രമേഷ് ജോസഫ് | 47392 |
| 5/46ഡി | രമേഷ് ജോസഫ് | 24192 |
| 5/46 ഇ | രമേഷ് ജോസഫ് | 24192 |
| | ആകെ | 214256 |

കുടിശ്ശിക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) ഓൺലൈനായി സ്വീകരിക്കുന്ന വസ്തു നികുതി സഞ്ചയയിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്. ഈ കണക്കുകൾ സാംഖ്യയിൽ പ്രതിഫലിക്കുന്നില്ല.

## 2-6 <u>നിയമാവലികൾ പാസ്സാക്കിയിട്ടില്ല-കാര്യക്ഷമമായ നികുതി പിരിവ് തടസ്സപ്പെടുന്നു.</u>

നഗരസഭയിലെ വിവിധ വരവിനങ്ങളായ കംഫർട്ട് സ്റ്റേഷൻ ഫീസ്, ബസ് സ്റ്റാൻഡ് ഫീസ്, വാഹന പാർക്കിംഗ്

ഫീസ്, ഡി. ആന്റ് ഒ ലൈസൻസ് ഫീസ്, പരസ്യബോർഡുകൾ, കമാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള ലൈസൻസ് ഫീസ്, അറവുശാലയിലെ ഫീസ് തുടങ്ങിയ വിവിധ നികുതികളും ഫീസുകളും ഈടാക്കുന്നതിനുള്ള വ്യവസ്ഥകളും നിരക്കുകളും നിശ്ചയിച്ചുകൊണ്ട് നിയമാവലി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. ആയതിനാൽ ഈയിനങ്ങളിലെ നികുതികളും ഫീസുകളും കാര്യക്ഷമമായി സമാഹരിക്കുവാൻ സാധിക്കുന്നില്ല. ഇക്കാര്യത്തിൽ ഭരണസമതിയുടെ സത്വര ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 2-7 മുൻസിപ്പാലിറ്റി വക സ്ഥലത്ത് അനധികൃത പാർക്കിംഗ്-നടപടികൾ സ്വീകരിക്കുന്നില്ല.

മുൻസിപ്പാലിറ്റിയുടെ പഴയ ബസ് സ്റ്റാൻഡ് സ്ഥിതിചെയ്യുന്ന സ്ഥലം സ്വകാര്യവ്യക്തികൾ അനുമതി കൂടാതെ കച്ചവടത്തിനും പാർക്കിംഗിനുമായി ഉപയോഗിക്കുന്നു. ഈ സ്ഥലം ഇത്തരം ആവശ്യങ്ങൾക്ക് ലേലം ചെയ്ത് നൽകാത്തതുമൂലം യാതൊരു വരുമാനവും മുൻസിപ്പാലിറ്റിയ്ക്ക് ലഭിക്കുന്നില്ല. പ്രസ്തുത സ്ഥലം ലേലം ചെയ്ത് നൽകുകയോ മുൻസിപ്പാലിറ്റിയുടെ സ്വന്തം ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്യേണ്ടതാണ്.

## 2-8 ആധുനിക അറവുശാല-പദ്ധതി പൂർണ്ണമായ ലക്ഷ്യം കൈവരിച്ചില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1)-ാം വകുപ്പ് ഒന്നാം പട്ടിക അനുസരിച്ച് മൃഗങ്ങളുടെ അനധികൃത കശാപ്പും മാംസവില്പനയും നിയന്ത്രിക്കുക എന്നത് നഗരസഭകളുടെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ് .

കട്ടപ്പന നഗരസഭയിലെ അനധികത കശാപ്പുശാലകളെ നിയന്ത്രിക്കുന്നതിനും ഗുണനിലവാരമുള്ള മാംസത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിട്ടാണ് നഗരസഭ 2015-16 വർഷം ₹24712500/- മുതൽ മുടക്കി ആധുനിക അറവുശാല പണി കഴിപ്പിച്ചിട്ടുള്ളത്. പ്രീ ക്വാളിഫയിംഗ് ടെണ്ടർ നടപടികളിലൂടെ ഡോ.ഫ്രോയബ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനമാണ് ആധുനിക അറവുശാലയുടെ നിർമ്മാണം പൂർത്തീകരിച്ചത്. കട്ടപ്പന നഗരസഭയുടെ സമീപ പ്രദേശങ്ങളിലുള്ള 12 ഗ്രാമ പഞ്ചായത്തുകളെ കൂടി പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിന് ലക്ഷ്യമിട്ടാണ് പ്രൊജക്ട് തയ്യാറാക്കിയിരുന്നതെങ്കിലും നിലവിൽ വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് മാത്രമാണ് പദ്ധതിയുമായി സഹകരിക്കുന്നത്. പദ്ധതി പ്രവർത്തനം ആരംഭിച്ച് 2വർഷമായെങ്കിലും ആധുനിക അറവുശാലയുടേയും മാംസ സ്റ്റാളുകളുടേയും പ്രവർത്തനവും പരിപാലനവും സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം നേടുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. മാത്രമല്ല നഗരസഭ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന അനധികൃത അറവുശാലകളെ പൂർണ്ണമായി നിയന്ത്രിക്കുന്നതിനും നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ആധുനിക അറവുശാലയുടെ പ്രവർത്തനം ആരംഭിച്ച ശേഷം മാംസ സ്റ്റാളുകൾ, സ്ലോട്ടർ ഹൗസ് എന്നിവയുടെ വരുമാനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് തൻവർഷം 50 ശതമാനത്തോളം ഇടിവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | മാംസ സ്റ്റാളിൽ നിന്നുള്ള വരുമാനം | സ്ലോട്ടർ ഹൗസിൽ നിന്നുള്ള വരുമാനം | സ്ലോട്ടർ ഹൗസ് പ്രവർത്തനത്തിന് വേണ്ടി വന്ന ചെലവ് | അറ്റാദായം |
|---|---|---|---|---|
| 2012-13 | 4081000 | -- | - | 4081000 |
| 2013-14 | 4066999 | - | - | 4066999 |
| 2014-15 | 4354944 | - | - | 4354944 |

| | | | | |
|---|---|---|---|---|
| 2016-17 | 3080000 | 1757000 | 2484932 | 2352068 |

ഏകദേശം രണ്ടര കോടിയോളം രൂപ മുതൽ മുടക്കി ആധുനിക അറവുശാല നിർമ്മിച്ചിട്ടും നഗരസഭയ്ക്ക് മുൻവർഷങ്ങളെ അപേക്ഷിച്ച് വരുമാനത്തിലുണ്ടായിട്ടുള്ള ഇടിവ് സംബന്ധിച്ച് വിശദമായ പഠനം നടത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുനിസിപ്പൽ ഓഫീസ് കെട്ടിട നിർമാണം അഭിനന്ദനാർഹമായ നേട്ടം.




2015-2016 വർഷമാണ് ഓഫീസ് കെട്ടിട നിർമാണം ആരംഭിക്കുന്നത്. 2016-2017 വർഷത്തിൽ പണി പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനക്ഷമമായി. 8.50 കോടി രൂപ ചെലവഴിച്ചാണ് കെട്ടിട നിർമാണം പൂർത്തീകരിച്ചത്. രൂപകൽപ്പനയിലും ഇന്റീരിയർ ഫർണിഷിംഗിലും മറ്റു സൗകര്യങ്ങളുടെ കാര്യത്തിലും സംസ്ഥാനത്തെയാകെ തദ്ദേശ സ്വയംഭരണ സ്ഥാപന കാര്യാലയങ്ങളെ അപേക്ഷിച്ച് മികച്ച നിലവാരം പുലർത്തുന്ന കെട്ടിടം താരതമ്യേന കുറഞ്ഞ കാലയളവിനുള്ളിൽ പൂർത്തീകരിക്കാനായത് അഭിനന്ദനാർഹമായ നേട്ടമാണ്. ലഭ്യമായ ഗ്രാന്റ് വാർഡ് അടിസ്ഥാനത്തിൽ വിഭജിച്ച് ചെറിയ പദ്ധതികൾ നടപ്പാക്കി വരുന്നതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുവെ കണ്ടു വരുന്ന പ്രവണത. ഇതിൽ നിന്നും വിഭിന്നമായി റോഡുകളും മാലിന്യ

സംസ്കരണ പദ്ധതികളും ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിലുള്ള വൻകിട പദ്ധതികൾ ഏറ്റെടുക്കുവാൻ മറ്റു സ്ഥാപനങ്ങൾക്കു കൂടി മാതൃകയാക്കാവുന്നതാണ് അനുകരണീയമായ ഈ പദ്ധതി. സ്വപ്നതുല്യമായ ഈ പദ്ധതി വിജയകരമായി പൂർത്തീകരിക്കാനായെങ്കിലും പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) <u>ഒരു പദ്ധതിയെ പലതായി വിഭജിച്ചു.</u>

45 ലക്ഷം മുതൽ 2 കോടി രൂപ വരെ അടങ്കലുള്ള 12 പദ്ധതികളായാണ് പണി പൂർത്തികരിച്ചത്. കെട്ടിടത്തിന്റെ ആകെയുള്ള ഡിസൈനും പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഒറ്റ പദ്ധതിയായി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടത്തുക എന്ന സാമാന്യവും പൊതുവായതുമായ രീതി ഒഴിവാക്കി വലിയ പദ്ധതി പല ചെറു പദ്ധതികളായി വിഭജിച്ച് നടപ്പാക്കിയത് ഉചിതമായില്ല. സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള കാലവിളംബം ഒഴിവാക്കുന്നതിനാണ് ചെറു പദ്ധതികളായി വിഭജിച്ചത് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ വാക്കാൽ വിശദീകരിച്ചു.

ഓഫീസ് കെട്ടിട നിർമാണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം. | പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | അടങ്കൽ/പ്രവൃത്തി മൂല്യം |
|---|---|---|---|
| 1. | 338/16 | ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് | വായ്പ-2കോടി |
| 2. | 375/16 | ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് | വായ്പ-1കോടി |
| 3. | 376/16 | ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് | വായ്പ-1കോടി |
| 4. | 385/16 | ഓഫീസ് അനക്സ് | തനതു ഫണ്ട് -45 ലക്ഷം |
| 5. | 433/16 | ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് ഫർണീഷിംഗ്. | തനതു ഫണ്ട് -45 ലക്ഷം |
| 6. | 319/17 | ഓഫീസ് ഫർണീഷിംഗ്. | ജനറൽ - 40 ലക്ഷം<br>എഫ്.സി.ഗ്രാന്റ് - 5 ലക്ഷം<br>ആകെ - 45 ലക്ഷം |
| 7. | 229/17 | ഓഫീസ് കെട്ടിടം പൂർത്തികരണം. | ലോകബാങ്ക് - 1557221<br>തനതു ഫണ്ട് - 2942779<br>ആകെ - 45 ലക്ഷം |
| 8. | 267/17 | ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം. | ലോകബാങ്ക് - 3052601 |
| 9. | 232/17 | ഓഫീസ് അധികസൗകര്യം. | തനതു ഫണ്ട് - 45 ലക്ഷം |
| 10. | 321/17 | ഫ്രണ്ട് ഓഫീസ് പൂര്‍ത്തീകരണം . | എഫ്.സി.ഗ്രാന്റ് - 259867<br>മറ്റുള്ളവ - 4240133 |

| | | | |
|---|---|---|---|
| | | | ആകെ - 45 ലക്ഷം |
| 11. | 437/16<br>305/17 | ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ്. | തനതു ഫണ്ട് - 1 കോടി |
| 12. | 304/17 | ഓഫീസ് അനക്സ് നിർമാണം. | മറ്റുള്ളവ - 45 ലക്ഷം |
| ആകെ | | | 84552601 |

2) <u>അക്രഡിറ്റേഷൻ ഇല്ലാത്ത സംസ്ഥാന നിർമിതി കേന്ദ്രത്തെ പ്രവൃത്തി ഏൽപ്പിച്ചത് സർക്കാർ ഉത്തരവുകളുടെ ലംഘനം.</u>

അതിബൃഹത്തായ ഈ പദ്ധതി സംസ്ഥാന നിർമിതി കേന്ദ്രത്തെ അക്രഡിറ്റഡ് ഏജൻസി എന്ന പരിഗണനയിൽ ടെണ്ടർ നടപടികൾ കൂടാതെ ഏൽപ്പിച്ചിരിക്കുകയാണ്. സംസ്ഥാന കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 19.3.2013-ലെ 3.25 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 30.03.2013-ലെ സ.ഉ(എം.എസ്)നം.133/2013 /തസ്വഭവ പ്രകാരം അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അക്രഡിറ്റേഷൻ ഉള്ള ഏജൻസികളെ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെ നിർവഹണച്ചുമതല ഏൽപ്പിക്കുവാൻ പാടുള്ളൂ. ഇപ്രകാരം അക്രഡിറ്റേഷൻ ഉള്ള ഏജൻസിയല്ല സംസ്ഥാന നിർമിതി കേന്ദ്രം. മാത്രമല്ല ചെലവു കുറഞ്ഞ സാങ്കേതികവിദ്യ (Low Cost Technology) ഉപയോഗിച്ചുള്ള നിർമാണ പ്രവൃത്തികൾ മാത്രമേ അക്രഡിറ്റഡ് ഏജൻസികളെ എൽപ്പിക്കുവാൻ പാടുള്ളൂ എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവിനെ തുടർന്ന് 26.4.2013 ൽ പുറപ്പെടുവിച്ച സ.ഉ(സാ.ധാ) നം. 1159/2013/തസ്വഭവ. പ്രകാരം അക്രഡിറ്റേഷൻ നൽകുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി കൺവീനറായി ഒരു കമ്മറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മറ്റിയുടെ 22.02.2014-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 23.07.2014ൽ പുറപ്പെടുവിച്ച സ.ഉ(സാ.ധാ) നം.1928/14/തസ്വഭവ. പ്രകാരം 3 സ്ഥാപനങ്ങൾക്കാണ് തദ്ദേശസ്വയംഭരണ വകുപ്പ് അക്രഡിറ്റേഷൻ നൽകിയിരിക്കുന്നത്. ഇതിൽ സംസ്ഥാന നിർമിതി കേന്ദ്രം ഉൾപ്പെടുന്നില്ല. ഇതിനു ശേഷവും തദ്ദേശസ്വയംഭരണ വകുപ്പ് ഈ ഏജൻസിക്ക് അക്രഡിറ്റേഷൻ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സംസ്ഥാന നിർമിതി കേന്ദ്രത്തിന് നിർവഹണച്ചുമതല കൈമാറുന്നതിന് മുൻപ് മുനിസിപ്പാലിറ്റിയുടെ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയുന്ന പ്രവൃത്തിയല്ല എന്ന് ഉറപ്പാക്കുകയോ ഏജൻസിക്ക് ക്ഷമതയുള്ള അക്രഡിറ്റേഷൻ ഉണ്ടെന്ന് ഉറപ്പാക്കുകയോ ചെയ്യുവാൻ ആവശ്യമായ പരിശോധന നിർവഹണ ഉദ്യോഗസ്ഥനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ നടത്തിയിട്ടില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി അക്രഡിറ്റേഷൻ ഇല്ലാത്ത ഏജൻസിയെ നിർവഹണച്ചുമതല ഏൽപ്പിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## **3-2** <u>ഡെപ്പോസിറ്റ് റീഫണ്ട്- അപാകതകൾ</u>

കട്ടപ്പന നഗരസഭ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നം.10 കടമുറി 22-02-16 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 51-ാം നംപർ തീരുമാനപ്രകാരം ശ്രീമതി.ഹേമലത,സുബരാജ് നഗർ ബോഡിനായ്ക്കൽ എന്നയാൾക്ക് പ്രതിമാസം 5100/-രൂപയ്ക്ക് ലേലം നൽകിയതായി ലേലഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ഡെപ്പോസിറ്റ് റീഫണ്ട് ആയി വൗച്ചർ നം.21601200 തി.15-3-17 പ്രകാരം ശ്രീമതി.ഹേമലതയ്ക്ക് ₹1000000/-നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾ ഈയിനത്തിൽ തുകയൊടുക്കിയതിന്റെ രസീത് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. (ടിയാൾ ഡെപ്പോസിറ്റ് ഒടുക്കിയതിന്റെ ഒറിജിനൽ രസീത് ഹാജരാക്കിയിട്ടില്ല). രസീത് നമ്പർ റീഫണ്ട് വൗച്ചറിൽ രേഖപ്പെടുത്തിയിട്ടില്ല. അസ്സൽ രസീത് ഹാജരാക്കാതെ റീഫണ്ട് അനുവദിച്ചതിന് കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 1 ന് മറുപടി ലഭ്യമായില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹1000000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ അലംഭാവം.

അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 264 മരാമത്ത് പ്രവൃത്തികൾക്ക് തുക വകയിരുത്തിയിരുന്നു എങ്കിലും ഇതിന്റെ മൂന്നിലൊന്ന് അതായത് 88 പ്രവൃത്തികൾ മാത്രമാണ് നടപ്പാക്കിയത്. 176 പദ്ധതികൾ നടപ്പാക്കാതെ ഉപേക്ഷിച്ചത് പദ്ധതി നടത്തിപ്പിലും മോണിറ്ററിംഗിലും കടന്നുകൂടിയ വീഴ്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്. എട്ടര കോടിയോളം രൂപ വകയിരുത്തിയതിൽ മൂന്ന കോടിയിൽ പരം രൂപ മാത്രമാണ് വിനിയോഗിച്ചത്. അഞ്ചര കോടിയോളം രൂപ ചെലവഴിക്കാതെ പാഴാകുവാൻ ഇടയായ സാഹചര്യം പരിശോധിക്കേണ്ടതാണ്. വികസന ഫണ്ട് പൊതു വിഭാഗവും ധനകാര്യ കമ്മീഷൻ ഗ്രാന്റും പൂർണമായും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ എസ്.സി.പി ഫണ്ട് 61.97 ശതമാനവും ടി.എസ്.പി ഫണ്ട് 72.94 ശതമാനവും ലോകബാങ്ക് ധനസഹായം 78 ശതമാനവും മാത്രമാണ് വിനിയോഗിച്ചത്. മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട് കേവലം 29 ശതമാനവും റോഡിതര ഫണ്ട് 25 ശതമാനവും ആണ് വിനിയോഗിക്കുവാൻ സാധിച്ചത്. നാലു കോടിയോളം രൂപ തനതുഫണ്ടിൽ വകയിരുത്തിയിരുന്നതിൽ 29 ശതമാനം മാത്രമാണ് വിനിയോഗിച്ചത്. അവാർഡ് തുക ഉൾപ്പെടെ മറ്റു സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് 1കോടിയോളം രൂപ വകയിരുത്തിയിരുന്നു എങ്കിലും ഒരു രൂപ പോലും ചെലവഴിക്കാൻ സാധിച്ചില്ല. (വിശദ വിവരത്തിന് ഖണ്ഡിക 1-5 കാണുക) ഫണ്ട് വിനിയോഗത്തിൽ സംഭവിച്ച ഗുരുതരമായ വീഴ്ച വളരെ ഗൗരവത്തോടുകൂടി കാണേണ്ടതുണ്ട്.

## 3-4 സമഗ്ര കുരുമുളക് വികസന പദ്ധതി-വികസന ഫണ്ട് അധികം പിൻവലിച്ചു-ചെലവ് രേഖകൾ ലഭ്യമല്ല-₹17,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പദ്ധതി. | നം.218/17സമഗ്ര കുരുമുളക് കൃഷി വികസനം-വേപ്പിൻ പിണ്ണാക്ക് വിതരണം. | |
| അടങ്കൽ | വികസന ഫണ്ട്- | ₹.17,00,000. |
| | ഗുണഭോക്തൃവിഹിതം | ₹.5,66,950 |
| | ആകെ | ₹.22,66,950 |

| | | |
|---|---|---|
| ചെലവ്-വികസന ഫണ്ട് | ബിൽ നം.4/16-17 തി.18.3.2017 | ₹.13,28,250. |
| | ബിൽ.നം.5/16-17 തി.30.3.2017 | ₹.3,71,750 |
| | ആകെ. | ₹.17,00,000. |

കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ച് ആലുവായിലുള്ള കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംങ്ങ് ഫെഡറേഷനിൽ (റബ്ബർമാർക്ക്) നിന്നും ഇൻവോയിസ് നം.1231/തി.16.3.2017 പ്രകാരം 70.840 മെട്രിക് ടണ്ണും, ഇൻവോയ്സ് നം.1307/തി.20.3.2017 പ്രകാരം 45.290 മെട്രിക്ക് ടണ്ണും ഉൾപ്പെടെ ആകെ 116.130 മെട്രിക്ക് ടൺ വേപ്പിൻ പിണ്ണാക്ക് വാങ്ങി 1659 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി, 2016-17 വാർഷിക പദ്ധതി സംബന്ധിച്ച് സർക്കാർ ഉത്തരവ് നമ്പർ(എം.എസ്) 4/2016ത.സ്വ.ഭ.വ തിയതി.11/1/2016 ൽ വ്യവസ്ഥ ചെയ്തിരുന്ന പ്രകാരം 75 ശതമാനം വികസന ഫണ്ടും 25 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ് പദ്ധതിയ്ക്ക് വകയിരുത്തിയിരുന്നത്. മേൽ ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത 116.13 മെട്രിക്ക് ടൺ വേപ്പിൻ പിണ്ണാക്കിന് ടെണ്ടർ നിരക്ക പ്രകാരം ( ₹18750/മെട്രിക്ക് ടൺ) ആകെ വില ₹21,77,438/-ആണ്. പ്രസ്തുത ചെലവിന് 75 ശതമാനം സബ്സിഡിയായി വികസന ഫണ്ടിൽ നിന്നും പിൻ വലിക്കാവുന്ന തുക ₹16,33,078/-മാത്രമാണെന്നിരിക്കെ പദ്ധതിയ്ക്ക് വേണ്ടി വകയിരുത്തിയിരുന്ന ₹17,00,000/-യും വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് സ്ഥാപനത്തിന് നൽകി. ഈ പദ്ധതിയ്ക്കുവേണ്ടി ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത ₹ 5,53,366/-നഗര സഭ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ആയത് ചെലവഴിച്ചിട്ടില്ല. വേപ്പിൻ പിണ്ണാക്കിന്റെ വിലയായി ₹4,77,438/-റബ്ബർ മാർക്കിന് നൽകുവാനുണ്ട്. അധികമായി ചെലവഴിച്ച വികസന ഫണ്ട് ₹66922/-ഗുണഭോക്തൃ വിഹിതത്തിൽ നിന്നും പിൻവലിച്ച് സഞ്ചിത നിധിയിലേയ്ക്ക് ഒടുക്കേണ്ടതാണ്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന രേഖകളും വിശദീകരണങ്ങളും ഓഡിറ്റ് അന്വേഷണം നമ്പർ 10 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല.

1. വേപ്പിൻ പിണ്ണാക്ക് വാങ്ങുന്നതിനുള്ള ടെണ്ടർ ഉറപ്പിച്ച നൽകിയ മുനിസിപ്പൽ കമ്മിറ്റി തീരുമാനം.
2. മേൽ വാങ്ങൽ നടത്തുന്നതിന് പ്രൊക്യൂവർമെന്റ് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ ,മിനിട്സ് എന്നിവ.
3. വേപ്പിൻ പിണ്ണാക്കിന്റെ ഗുണമേന്മ പരിശോധന സാക്ഷ്യപത്രം.
4. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ മുനിസിപ്പൽ ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിനുള്ള കാരണം.

മേൽ രേഖകളുടെ അഭാവത്തിൽ വേപ്പൻ പിണ്ണാക്ക് വാങ്ങൽ ക്രമപ്രകാരമായിരുന്നോ എന്നും ആയതിന്റെ ഗുണമേന്മ സംബന്ധിച്ചും പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.ആയതിനാൽ ₹17,00,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഫ്രീസർ മോർച്ചറി-സ്ഥാപിക്കൽ -അനുബന്ധരേഖകൾ പരിശോധനയ്ക്ക്

<u>ഹാജരാക്കിയില്ല-**₹1516720/-**യുടെ ചെലവ് തടസ്സം</u>

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആരോഗ്യം |
| പദ്ധതി നം | 191/2017 |
| പദ്ധതി | താലൂക്ക് ആശുപത്രിക്ക് ഫ്രീസർ മോർച്ചറി |
| അടങ്കൽ | ₹1447000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹69720/-(ലോകബാങ്ക്)<br>₹83280/-(തനത് ഫണ്ട്) |
| ബിൽ നം, തീയതി& തുക | 2/2016-17 തീ 20.03.2017 തുക ₹1447000/-<br>3/2016-17 തീ 20.03.2017 തുക ₹69720/- |

താലൂക്ക് ആശുപത്രിക്ക് ഫ്രീസർ മോർച്ചറി സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. ടെണ്ടർ വ്യവസ്ഥയിൽ നിർവ്വഹണം നടത്തുന്നതിനാണ് പദ്ധതിയിൽ തീരുമാനിച്ചിരുന്നത്. എന്നാൽ ടെണ്ടർ നടപടികൾ കൂടാതെ മെഡിക്കൽ ഓഫീസർ, 19.12.2016 ലെ എ1-1086/16നം കത്ത് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്കായി കെ.എച്ച്.ആർ.ഡബ്ല്യു.എസ്-നെ സമീപിച്ചു. 28.01.2017 ലെ ഡി.ബി2-3698/2016 കത്ത് പ്രകാരം ₹1598192/-യുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു. 07.03.2017ലെ എ1-1086/16പ്രകാരം കരാർ ചമച്ച് വേല കെ.എച്ച്.ആർ.ഡബ്ല്യു.എസ്-നെ ഏൽപ്പിച്ചു. താഴെ പരാമർശിക്കും പ്രകാരം ₹1516720/- കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന് നൽകിയിട്ടുണ്ട്.

| അക്കൗണ്ട് നം | തുക ₹ | NEFT തീയതി |
|---|---|---|
| 67070408431 SBT തിരുവനന്തപുരം | 69720 | 20.03.2017 |
| | 1447000 | |
| ആകെ | 1516720 | |

അംഗീകൃത പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ടെണ്ടർ നടപടി കൂടാതെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന് നൽകിയതിനാലും ചെയ്ത വേലയുടെ എം.ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും ₹1516720/-യുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-6 <u>എക്സ് -റേ യൂണിറ്റ്-സ്ഥാപിക്കൽ–അപാകതകൾ– **₹1283076/-**യുടെ ചെലവ് തടസ്സം</u>

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആരോഗ്യം |
| പദ്ധതി നം | 192/2017 |
| പദ്ധതി | താലൂക്ക് ആശുപത്രിക്ക് എക്സ്-റേ യൂണിറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | ₹18,05,000/-(റോഡിതരം) |
| ബിൽ നം, തീയതി& തുക | 4/2016-17 തീ 30.03.2017 തുക ₹12,83,076/- |

താലൂക്ക് ആശുപത്രിക്ക് ആധുനിക രീതിയിലുള്ള എക്സ്-റേ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. ടെണ്ടർ വ്യവസ്ഥയിൽ നിർവ്വഹണം നടത്തുന്നതിനാണ് പദ്ധതിയിൽ തീരുമാനിച്ചിരുന്നത്. എന്നാൽ ടെണ്ടർ നടപടികൾ കൂടാതെ എക്സ്-റേ യൂണിറ്റിന്റെ പ്രഫോർമ ഇൻവോയ്സ് നൽകുന്നതിന് മെഡിക്കൽ ഓഫീസർ 16.03.2017 ലെ 277/2017 നമ്പരായുള്ള കത്ത് മുഖേന കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് നിർദ്ദേശം നൽകി. 20.03.2017 ലെ കെ.എം.എസ്.സി.എൽ/101/2016 നമ്പരായുള്ള കത്ത് മുഖാന്തിരം കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നൽകിയ പ്രഫോർമ ഇൻവോയ്സ്-843 ന്റെ വിശദാംശം താഴെ പരാമർശിക്കുന്നു.

| ക്രമനം | ഉപകരണം | തുക ₹ |
|---|---|---|
| 1 | എക്സ്-റേ യൂണിറ്റ് | 793753 |
| 2 | ഫ്ലോട്ടിംഗ് ടേബിൾ | 39323 |
| 3 | ഓട്ടോമാറ്റിക്ക് ഫിലിം പ്രോസ്സസ്സർ | 450000 |
| ആകെ | | 1283076 |

ഉപകരണങ്ങൾ വിതരണം നടത്തുന്നത് കെ.എം.എസ്.സി.എൽ-യുമായി റേറ്റ് കോൺട്രാക്ട് ഉള്ള M/s മെഡിലക്സ് സിസ്റ്റം, ലക്നൗ ആണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള ₹12,83,076/-കെ.എം.എസ്.സി.എലിന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 3624001800000037 പഞ്ചാബ് നാഷണൽ ബാങ്ക്). 27.06.2017 ലെ എം.എസ്/എൽ.കെ.ഒ/35 നമ്പരായുള്ള ബിൽ പ്രകാരം ലക്നൗ മെഡിലക്സ് സിസ്റ്റംസ് എക്സ്-റേ യൂണിറ്റും ഫ്ലോട്ടിംഗ് ടേബിളും മാത്രം സ്ഥാപനത്തിൽ എത്തിച്ചിട്ടുണ്ട്.

<u>അപാകതകൾ</u>

1) ടെണ്ടർ നടപടികളിലൂടെ നിർവ്വഹണം നടത്തേണ്ട പദ്ധതി കെ.എം.എസ്.സി.എൽ ന് നേരിട്ട് നൽകിയത് ശരിയായ നടപടിയല്ല.

2) കെ.എം.എസ്.സി.എൽ നൽകിയ ക്വട്ടേഷനും ലക്നൗ മെഡിലക്സ് സിസ്റ്റംസ് നൽകിയ ബില്ലും തമ്മിലുള്ള വ്യതിയാനം താഴെ നൽകുന്നു.

| ക്രമ | ഉപകരണം | കെ.എം.എസ്. സി.എൽ നൽകിയ പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള | ലക്നൗ മെഡിലക്സ് സിസ്റ്റംസ് നൽകിയ ബിൽ | വ്യത്യാസം |
|---|---|---|---|---|

| നം | | തുക ₹ | തുക ₹ | |
|---|---|---|---|---|
| 1 | എക്സ്-റേ യൂണിറ്റ് | 793753 | 706500 | 54501 |
| 2 | ഫ്ലോട്ടിംഗ് ടേബിൾ | 39323 | 35000 | |
| വാറ്റ് | | | 37075 | |
| ആകെ | | 833076 | 778575 | |

₹54501/-യുടെ അധിക ചെലവ് കാണുന്നു.

3) ഓട്ടോമാറ്റിക് ഫിലിം പ്രോസ്സസർ യൂണിറ്റ് ഉപകരണം നാളിതുവരെ വിതരണം നടത്തി സ്ഥാപിച്ചിട്ടില്ല.

4) പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ₹1283076/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-7** ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല,₹147700/-യുടെ ചെലവ് തടസ്സം

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പദ്ധതി നം | 194/2016-17 |
| പദ്ധതി | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| ബിൽ നം, തീയതി& തുക | 01/2016-17 തീ 31.12.2016 തുക ₹2,50,000/- |

നഗരസഭയിലെ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതി നിർദ്ദേശാനുസരണം ആലപ്പുഴ, കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ 07.12.2016 ലെ പി.എഫ് 550 നമ്പരായുള്ള പ്രഫോർമ പ്രകാരമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി മേൽ സൂചിത ബിൽ പ്രകാരം ₹250000/- (ഡി.ഡി നം 77097 തീ:31.12.2016) കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 30.06.2017 ലെ എൽ.എഫ്. 279 നമ്പർ പ്രകാരമുള്ള ഇൻവോയ്സ് പ്രകാരം ₹102300/- യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ₹147700/- യുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ആയതിനാൽ ₹147700/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## **4-1** സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

## **4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## **4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ലോൺ രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും വാർഷിക കണക്കിൽ ഈ ഇനത്തിലുള്ള തുകകളുടെ രേഖപ്പെടുത്തൽ ആപൂർണ്ണമായതിനാലും വിശദാംശംങ്ങൾ ലഭ്യമല്ല. ലോൺ രജിസ്റ്റർ കാലകമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 123509489 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 124521485 |
| വരവിനങ്ങളിലുള്ള നഷ്ടം | 27905 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6977496 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(എ) | 2781 | | ശ്രീ. പി അഹമ്മദ് കബീർ, ക്ലർക്ക് |
| 2-1(ബി) | 25124 | | ശ്രീമതി. ബോൺസി ജോസഫ്, കൃഷിഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1000000 | ശ്രീ.പി.വി.ബിജു, സെക്രട്ടറി |
| 3-4 | 1700000 | ശ്രീമതി ബോൺസി ജോസഫ്, കൃഷി ഓഫീസർ |
| 3-5 | 1516720 | മെഡിക്കൽ ഓഫീസർ ആരോഗ്യം |
| 3-6 | 1283076 | മെഡിക്കൽ ഓഫീസർ ആരോഗ്യം |
| 3-7 | 1477700 | മെഡിക്കൽ ഓഫീസർ ഹോമിയോ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അഹമ്മദ് കബീർ പി | ക്ലർക്ക്, മൂന്നാർ ഗ്രാമപഞ്ചായത്ത് | തയ്യിൽ വീട്, മാവേലിക്കര, ആലപ്പുഴ |
| ശ്രീമതി. ബോൺസി ജോസഫ് | കൃഷിഓഫീസർ, കട്ടപ്പന | കയ്യൂന്നപ്പാറയിൽ വീട്, വലിയതോവാള. പി.ഒ, കട്ടപ്പന-പിൻ.685514. |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1.11.2015 മുതൽ 31.3.2016 വരെ | നം കെ എസ് എ ഐ ഡി കെ.4/1202/2016 തീയതി 3.9.2016 | - |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐ.ഡി.കെ-4/1279/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ,തിയതി:03.10.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4) ഇവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ കട്ടപ്പന നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-12 ൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ നിയമങ്ങളും ഉത്തരവുകളും പാലിക്കുന്നതിലെ പരാജയം കാരണം വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്നും അധികൃതമാക്കിയ കാര്യങ്ങൾക്കുവേണ്ടിയല്ല തുകകൾ ചെലവ് ചെയ്തതെന്നും ഈ വാർഷിക ധനകാര്യപത്രിക കട്ടപ്പന നഗരസഭയുടെ 2016-2017 ലെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നില്ല എന്നുമാണ് എന്റെ അഭിപ്രായം.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# AUDIT CERTIFICATE

No.KSA-IDK-4/1279/2017

Kerala State Audit Department
District Audit Office, Idukki,
Thodupuzha,Dated:03.10.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Kattapapana Muncipality in Idukki district for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Muncipality Act 1994, section 295(4), the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts Muncipalities.

As refered in para 1-12 of my report, consequent on failure in adhering to rules and orders, the Institution has incurred loss of income and unauthorised payments were made and this annual financial statement of Kattappana Municipality for the year 2016-17 does not properly present the Income and Expenditure.

SENIOR DEPUTY DIRECTOR
IDUKKI